## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3334      11.05. 2017 ൽ മറുപടിക്ക്

### വൈദ്യുതി ചാർജ്ജ് വർദ്ധന

ചോദ്യം

ശ്രീ.സി.ദിവാകരൻ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ചാർജ് വർദ്ധിപ്പിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) ,ഉണ്ട്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ സ്വമേധയാ സ്വീകരിച്ച നടപടി ക്രമങ്ങളുടെ ഭാഗമായി 17.04.2017-ലെ ഉത്തരവു പ്രകാരം 18.04.2017 മുതൽ സംസ്ഥാനത്തെ ഏതാനും ചില ലോ ടെൻഷൻ, ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുകയുണ്ടായി. കൂടാതെ സംസ്ഥാനത്തെ മറ്റു ലൈസൻസികളുടെ ബൾക്ക് സപ്ലൈ താരിഫും (BST) ടി ഉത്തരവിലൂടെ വർദ്ധിപ്പിക്കുകയുണ്ടായി. പ്രധാനമായും ഗാർഹിക, വ്യവസായ വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കളുടെ നിരക്കുകളിലാണ് വർദ്ധനവ് വരുത്തിയിട്ടുള്ളത്.<br>താരിഫ് പരിഷ്കരണത്തിലൂടെ ഗാർഹിക വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 3.5 ശതമാനം മുതൽ 10 ശതമാനം വരെ വർദ്ധനവും വ്യാവസായിക ഉപഭോക്താക്കളുടെ താരിഫിൽ 3.45 ശതമാനം മുതൽ 5.75 വരെ വർദ്ധനവ് വരുത്തിയിട്ടുണ്ട്. എന്നാൽ പ്രതിമാസം 250 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന 97 ശതമാനം ഗാർഹിക ഉപഭോക്താക്കൾക്കും 5 ശതമാനത്തിൽ താഴെ മാത്രമേ വർദ്ധനവ് വരുത്തിയിട്ടുള്ളൂ. |
| (ബി) പ്രസ്തുത നിരക്ക് വർദ്ധനയിലൂടെ എത്ര കോടി രൂപയുടെ അധിക വരുമാനമാണ് കെ.എസ്.ഇ.ബി. പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) നിരക്ക വർദ്ധനവിലൂടെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് 2017-18 ലേയ്ക്ക് 550 കോടി രൂപയുടെ അധിക വരുമാനം ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (സി) പ്രസ്തുത നിരക്ക് വർദ്ധനയിൽ നിന്ന് ഏതെങ്കിലും വിഭാഗങ്ങളെഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ? | (സി) നിരക്ക് വർദ്ധനവിൽ നിന്നും താഴെ പറയുന്ന വിഭാഗങ്ങളെ ഒഴിവാക്കിയിട്ടുണ്ട്.<br>i. താൽക്കാലിക കണക്ഷനുകൾ.<br>ii. കാർഷിക വിഭാഗം ഉപഭോക്താക്കൾ.<br>iii. സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ. |

iv. ഗവൺമെന്റ് ആശുപത്രികളിലും അവയോടനുബന്ധിച്ച് ആരോഗ്യ മേഖലയിലുള്ള സ്ഥാപനങ്ങളും.

v. ആരാധനാലയങ്ങളും മതപഠന കേന്ദ്രങ്ങളും ആശ്രമങ്ങളും കോൺവെന്റുകളും.

vi. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് കീഴിലുള്ള ഓഫീസുകളും സ്ഥാപനങ്ങളും.

vii. വാട്ടർ അതോറിറ്റി , കെ.എസ്.ആർ.റ്റി.സി. എന്നിവയുടെ ഓഫീസുകൾ

viii. വക്കീലന്മാർ, ചാർട്ടേർഡ് അക്കൗണ്ടന്റുമാർ മുതലായവരുടെ ഓഫീസുകൾ.

ix. പോസ്റ്റൽ ഡിപ്പാർട്ടുമെന്റിനു കീഴിലുള്ള ഓഫീസുകളും പോസ്റ്റ് ഓഫീസുകളും.

x. ബാങ്കുകൾ, റെയിൽവേ സ്റ്റേഷനുകൾ. എ.റ്റി.എം. കൗണ്ടറുകൾ.

xi. അനാഥാലയങ്ങൾ, അംഗനവാടികൾ, വൃദ്ധസദനങ്ങൾ, വായനശാലകൾ, പൊതു ശൗചാലയങ്ങൾ, e-toilets.

xii. ലൈബ്രറികളും, റീഡിംഗ് റൂമുകളും .

xiii. കേബിൾ ടി.വി. സ്ഥാപനങ്ങൾ, ദൂരദർശൻ /ആകാശവാണിയുടെ ഓഫീസുകൾ, ഇൻഷ്വറൻസ് കമ്പനികൾ.

xiv. നിർമ്മാണ പ്രവർത്തനങ്ങളും, കമ്പ്യൂട്ടർ ട്രെയിനിംഗ് സ്ഥാപനങ്ങൾ.

xv. എല്ലാത്തരം കച്ചവട സ്ഥാപനങ്ങൾ (100 യൂണിറ്റ് വരെ പ്രതിമാസം ഉപഭോഗമുള്ള ചെറുകിട കച്ചവടക്കാർ ഒഴികെ).

xvi. സിനിമാ തിയേറ്ററുകൾ, ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ (200 വാട്ട്സിനു മുകളിൽ കണക്റ്റഡ് ലോഡുള്ളവ).

xvii. റെയിൽവേ സ്റ്റേഷനുകൾ.

xviii. ഹൈടെൻഷൻ വിഭാഗത്തിലുള്ള ഗാർഹിക ഉപഭോക്താക്കൾ.

കൂടാതെ താഴെ പറയുന്ന ഉപഭോക്താക്കളുടെ താരിഫിൽ കുറവ് വരുത്തിയിട്ടുണ്ട്.

i. ചെറുകിട കുടിവെള്ള പദ്ധതികൾ

ii. ഹൈടെൻഷൻ / എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കളുടെ കോളനികൾ.

iii. നാണ്യ വിളകൾ.

iv. IHRD യുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

v. ആരോഗ്യ മേഖലയിലുള്ള സ്വാകാര്യ സ്ഥാപനങ്ങൾ.

| | |
|---|---|
| | vi. കോൾ സെന്ററുകൾ.<br>കൂടാതെ പ്രതിമാസം 120 യൂണിറ്റ് വരെ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ആദ്യത്തെ 40 യൂണിറ്റിന് 35 പൈസ നിരക്കിലും തുടർന്നുള്ള 80 യൂണിറ്റിന് 41 മുതൽ 120 യൂണിറ്റ് വരെ 50 പൈസ നിരക്കിലും നൽകി വന്നുകൊണ്ടിരിക്കുന്ന സബ്സിഡി തുടരുന്നു. കൂടാതെ കാർഷിക വിഭാഗം ഉപഭോക്താക്കൾക്ക് യൂണിറ്റൊന്നിന് 85 പൈസ നിരക്കിൽ ഗവൺമെന്റ് സബ്സിഡി നൽകി വരുന്നു. ഇതിനു പുറമെ ദാരിദ്ര രേഖയ്ക്ക് താഴെയുള്ളതും പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ളതും 1000 വാട്സ് വരെ കുറഞ്ഞ കണക്ടഡ് ലോഡുള്ള ഉപഭോക്താക്കൾക്കും 1.50 രൂപ നിരക്കിൽ വൈദ്യുതി നൽകി വരുന്നു. 500 വാട്സ് വരെ കണക്ടഡ് ലോഡുള്ളതും പ്രതിമാസം 20 യൂണിറ്റ് വരെ ഉപഭോഗമുള്ള ഉപഭോക്താക്കൾക്ക് വൈദ്യുതി സൗജന്യമായി നൽകി വരുന്നു. കാസർഗോഡ്, ഹോസ്ദുർഗ് എന്നീ താലൂക്കുകളിലെ എൻഡോസൾഫാൻ ദുരിത ബാധിതർക്ക് പ്രതിമാസം 150 യൂണിറ്റ് വരെ താരതമ്യേന കുറഞ്ഞ നിരക്കായ 1.50 രൂപ നിരക്കിൽ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ